പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 145 01.11.2019-ലെ മറുപടിക്ക്

## സേഫ് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>" ജോർജ് എം. തോമസ്<br>" കെ. ബാബു<br>" വി. ജോയി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള സേഫ് കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. റോഡപകടങ്ങൾ കുറച്ച് സുരക്ഷിത യാത്ര ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ, മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹദ് പദ്ധതിയാണ് 'സേഫ് കേരള'. പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ., 65 എം.വി.ഐ., 187 എ.എം.വി.ഐ. എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി, 14 ജില്ലകളിൽ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സേഫ് കേരള പദ്ധതിക്കായി പുതുതായി സൃഷ്ടിക്കപ്പെട്ട 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഉൾപ്പെടെയുള്ള 85 സ്ക്വാഡുകൾ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ജില്ലയുടെ പരിധിയിലുള്ള ഗതാഗത സുരക്ഷാ പ്രശ്നങ്ങൾ കണ്ടെത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുകയെന്നതാണ് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ പ്രധാന ചുമതല. റോഡപകടങ്ങൾ കുറയ്ക്കുക, സുഗമവും സുരക്ഷിതവുമായ സഞ്ചാരം സാധ്യമാക്കുക, റോഡ് സുരക്ഷയെ |

| | | | |
|---|---|---|---|
| | | | കുറിച്ച് സമൂഹത്തിൽ അവബോധമുണ്ടാക്കുക എന്നീ ലക്ഷ്യങ്ങളോടെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. ജില്ലയുടെ പരിധിയിൽ വരുന്ന റോഡുകളിലെ സുരക്ഷാ പ്രശ്നങ്ങൾ വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും Road owning agency-കൾക്കും നിർദ്ദേശം നൽകുന്നു.<br>2. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നത് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ വഴിയാണ്.<br>3. ജില്ലാതലത്തിലുള്ള റോഡ് സുരക്ഷാ പദ്ധതികൾക്കുവേണ്ട പ്രോജക്ടുകൾ തയ്യാറാക്കി സാമ്പത്തിക സഹായത്തിനായി ശുപാർശ ചെയ്തു കൊണ്ട് കേരളാ റോഡ് സുരക്ഷാ അതോറിറ്റിക്കു നൽകുന്നു.<br>4. പൊതുജനങ്ങൾ, റോഡ് ഉപയോക്താക്കൾ, വിദ്യാർത്ഥികൾ എന്നിവരെ ലക്ഷ്യംവച്ച് കൊണ്ടുള്ള റോഡ് സുരക്ഷാ അവബോധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br>5. ജില്ലാതല റോഡ് സുരക്ഷാ വാരാചരണത്തോടനുബന്ധിച്ചുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു.<br>6. റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br>7. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പരിപാടികളും തയ്യാറാക്കുക.<br>8. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യനിർവ്വഹണം നടത്തുന്ന ജില്ലയിലെ എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.<br>9. ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് അനുവദിക്കപ്പെട്ട ഫണ്ടിന്റെ നടത്തിപ്പ്.<br>10. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുക.<br>11. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് റോഡ് സുരക്ഷാ പ്രോജക്ടുകൾക്ക വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ചെലവ് അനുവദിക്കുക.<br>12. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.<br>13. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും ട്രോമാകെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.<br>14. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക.<br>15. അനുവദിക്കപ്പെട്ട റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട ചെലവുകൾ അനുവദിക്കുക. |

**സെക്ഷൻ ഓഫീസർ**